## ജില്ലാ പ്രോജക്ട് ഓഫീസറുടെ നടപടിക്രമം,

## എസ്എസ്എ എറണാകുളം

**(ഹാജർ : ശ്രീ.സന്തോഷ്കുമാർ എസ് പൂർണ്ണ അധിക ചുമതല )**

വിഷയം - എസ്എസ്എ എറണാകുളം ടീച്ചർ ഗ്രാന്റ് 2016-17 വിതരണത്തിന് ബി ആർ സികൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന - 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 13/05/2016 തീയതിയിലെ P3-1307/16/SSA നമ്പർ കത്ത്

**ഉത്തരവ് നം എ3 - 161/16/SSA/EKM തീയതി 24/05/2016**

2016-17 വാർഷിക പദ്ധതിയിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ അധ്യാപകർക്ക് ടീച്ചർ ഗ്രാന്റ് വിതരണം ചെയ്യുന്നതിന് മേൽ സൂചന (1) പ്രകാരം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ താഴെ വിവരിക്കുന്ന നിർദ്ദേശപ്രകാരം ഒരു ടീച്ചർക്ക് 500/- രൂപ ടി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുക പിൻവലിച്ച് സ്കൂളുകളിലേക്ക് വിതരണം ചെയ്യുന്നതിന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു. 8ാം ക്ലാസ്സിലേക്ക് ഹൈസ്കൂൾ അധ്യാപകരുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് അധ്യാപകർക്ക് ടീച്ചർഗ്രാന്റ് നൽകാവുന്നതാണ്. ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക പ്രകാരം ഓരോ ബി ആർ സിയും ടീച്ചർഗ്രാന്റ് വിതരണം ചെയ്യേണ്ടതാണ്.

ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ എത്രയും പെട്ടെന്നുതന്നെ തുക വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ടീച്ചർ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് താഴെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നൽകേണ്ടതുമാണ്.

1. 1 മുതൽ 8 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളിലും ഹാൻഡ്ബുക്കുകളിലും പരാമർശിച്ചിരിക്കുന്ന പാഠാനുബന്ധപ്രവർത്തനങ്ങൾക്കാവശ്യമായ അധിക പഠനബോധന സാമഗ്രികൾ തയ്യാറാക്കുന്നതിന് വേണ്ടി ആയിരിക്കണം പ്രസ്തുത തുക ചെലവഴിക്കേണ്ടത്.
2. ഇത്തരം പഠന സാമഗ്രികൾ കണ്ടെത്തി തയ്യാറാക്കുന്നതിനും ഇതിനായി തുക ചെലവഴിക്കുന്നതിനും എസ് ആർ ജി കൂടി തീരുമാനമെടുക്കേണ്ടതും ഇക്കാര്യം എസ് ആർ ജി മിനുട്ട്സിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

തുക വിതരണം ചെയ്ത് 5 ദിവസത്തിനകം വിതരണം ചെയ്തതിന്റെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൈപ്പറ്റു രസീത് കൃത്യമായി വാങ്ങി സൂക്ഷിക്കേണ്ടതാണ്. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ടീച്ചർ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വൗച്ചറുകളും, രേഖകളും ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും സഹിതം ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മുഴുവൻ തുകയും പിഴപലിശ സഹിതം തിരികെ ഈടാക്കുന്നതായിരിക്കും.

ഈ ചെലവ് **"AWP & B 2016-17** ടീച്ചർ ഗ്രാന്റ്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

Santhosh

ജില്ലാ പ്രോജക്ട് ഓഫീസർ

എറണാകുളം

സ്വീകർത്താവ്

എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ് :

1. അക്കൗണ്ട്സ് ഓഫീസർ
2. അക്കൗണ്ട്സ് സെക്ഷൻ
3. എ2 ഫയൽ
4. സംഭരണ ഫയൽ

| SlNo | Name of BRC | Number of Teachers |
|---|---|---|
| 1 | Aluva | 858 |
| 2 | Angamaly | 686 |
| 3 | Ernakulam | 743 |
| 4 | Kalloorkkad | 237 |
| 5 | Kolenchery | 470 |
| 6 | Koothattukulam | 257 |
| 7 | Kothamangalam | 741 |
| 8 | Mattanchery | 698 |
| 9 | Muvattupuzhha | 309 |
| 10 | N.paravur | 666 |
| 11 | Perumbavoor | 396 |
| 27 | Piravom | 270 |
| 13 | Tripunithura | 619 |
| 14 | Vypin | 519 |
| 15 | Koovappady | 239 |
| | **Total** | **7708** |